## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 47

09.06.2014-ൽ മറുപടിക്ക്.

## ചാലക്കുടിയിൽ കോടതി സമുച്ചയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി.ഡി.ദേവസ്സി | ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) ചാലക്കുടിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (എയും, ബിയും) ചാലക്കുടി കോടതി സമുച്ചയത്തിനുവേണ്ട ഭരണാനുമതിയ്ക്കായി രജിസ്ട്രാർ നിർദ്ദേശം സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച ശേഷം പുതുക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നു. പൊതുമരാമത്ത് വകുപ്പ് അധികാരികളിൽ നിന്ന് വിശദമായ എസ്റ്റിമേറ്റും പ്ലാനും ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ചാലക്കുടി കോടതി സമുച്ചയ നിർമ്മാണത്തിനു വേണ്ട ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) ചാലക്കുടിയിൽ പുതുതായി എം.എ.സി.റ്റി, സബ് കോടതി എന്നിവ ആരംഭിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ഇതിനായി നടപടി സ്വീകരിക്കുമോ? | (സി) 17.04.2012 ലെ ജി.ഒ (ആർ.ടി) 1159/12/ആഭ്യന്തരം ഉത്തരവ് പ്രകാരം ചാലക്കുടി MACT-യെ മുൻഗണനാപട്ടികയിൽ 4-ാമതായി ഉൾപ്പെടുത്തിയിട്ടുണ്ട് എങ്കിലും ആയത് ആരംഭിക്കുന്നതിനായി അനുമതി നൽകിയിട്ടില്ല. ചാലക്കുടിയിൽ സബ് കോടതി ആരംഭിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. |

(signature)

സെക്ഷൻ ഓഫീസർ